പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.898 03.12.2014 ൽ മറുപടിക്ക്

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്

ചോദ്യം

ശ്രീ.എം.എ.ബേബി
ശ്രീ. കെ.കെ.ജയചന്ദ്രൻ
ശ്രീ.എസ് രാജേന്ദ്രൻ
ശ്രീ.കെ. സുരേഷ് കുറുപ്പ്

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; സുപ്രീംകോടതി ഉത്തരവ് പ്രകാരമുള്ള മേൽനോട്ട സമിതിയുടെ ഇക്കാര്യത്തിലുള്ള നിർദ്ദേശം എന്തായിരുന്നു;

ഉത്തരം

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ്മന്ത്രി)

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്തുന്നതുകൊണ്ടുള്ള ഭവിഷ്യത്തുകൾ കാര്യകാരണസഹിതം ബഹു:സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തുവാൻ പരമാവധി ശ്രമിച്ചിരുന്നു. എന്നാൽ മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം, അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് 142 അടിയിലേയ്ക്ക് ഉയർത്തുന്നതിനും, 27.02.2006 ലെ കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി അറ്റകുറ്റപണികൾക്കുള്ള നടപടി സ്വീകരിക്കുന്നതിനും തമിഴ്നാടിന് അനുവാദം ലഭിച്ചിട്ടുണ്ട്. അണക്കെട്ടിലെ പൂർണ്ണ ജലനിരപ്പ് 142 അടിയിലേയ്ക്ക് പുന:സ്ഥാപിക്കുമ്പോൾ കേരളത്തിന് ഉണ്ടാകാവുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനായി ഒരു മൂന്നംഗ മേൽനോട്ടസമിതിയെ നിയോഗിക്കാനും അപ്രകാരം നിയോഗിക്കപ്പെടുന്ന മൂന്നംഗസമിതി; ജലനിരപ്പ് 142

അടിയിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്ക് മേൽനോട്ടം വഹിക്കണമെന്നും 07.05.2014 ലെ . വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഡാമിന്റെ സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ സൂക്ഷ്മനിരീക്ഷണം നടത്തി ഉചിതമായ നിർദ്ദേശങ്ങളും ശുപാർശകളും കേരള-തമിഴ്നാട് സംസ്ഥാനങ്ങൾക്ക് നൽകുവാനും മേൽനോട്ടസമിതിയെ ചുമതലപ്പെടുത്താമെന്നും വിധിന്യായത്തിൽ നിർദ്ദേശമുണ്ട്.

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ കൂടുതൽ ഉയർത്തുമ്പോൾ ഉണ്ടാകാവുന്ന വിവിധ ഭവിഷ്യത്തുകൾ മേൽനോട്ടസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും കേരളത്തിന്റെ അഭ്യർത്ഥനകൾ പരിഗണിക്കപ്പെട്ടില്ല. അണക്കെട്ടിന്റെ ഒരു ഷട്ടർ പ്രവർത്തനരഹിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ജലനിരപ്പ് 136 അടിയിലേയ്ക്ക് താഴ്ത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് മേൽനോട്ടസമിതിയിലെ കേരളത്തിന്റെ പ്രതിനിധി ആവശ്യപ്പെട്ടിരുന്നു . എന്നാൽ കേരളത്തിന്റെ ആശങ്ക ദൂരീകരിക്കുന്നതിനായി മേൽനോട്ട സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ നിർദ്ദേശങ്ങളൊന്നും പരിഗണിക്കപ്പെട്ടില്ല. കോടതിനിർദ്ദേശങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി; കേരളജനതയുടെ ഭയാശങ്കകൾക്ക് യാതൊരുവിധ പരിഗണനയും നൽകാതെ, ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ തമിഴ്നാട് സ്വീകരിക്കുകയുണ്ടായി.

| | |
|---|---|
| (ബി)ജലനിരപ്പ് ഉയർത്തുന്നതിലെ അപകടം മേൽനോട്ട സമിതിയേയും | (ബി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് 136 അടിയിൽ നിന്നും ഉയർത്തുന്നതുമൂലമുള്ള അപകടസാധ്യതയും മറ്റ് ഭവിഷ്യത്തുകളും |

| | |
|---|---|
| സുപ്രീംകോടതിയേയും ബോധ്യപ്പെടുത്തുന്നതിൽ വിജയിച്ചുവോ; | കാര്യകാരണസഹിതം ബഹു. സുപ്രീം കോടതിയേയും മേൽനോട്ട സമിതിയേയും ബോധ്യപ്പെടുത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേരളം മുന്നോട്ടുവച്ച ക്രിയാത്മക നിർദ്ദേശങ്ങളൊന്നും പരിഗണിക്കപ്പെട്ടില്ല. |
| (സി)കേന്ദ്ര ജല കമ്മീഷനിലെ ഹൈഡ്രോളജി വിഭാഗം മേധാവിയുടെ ഇക്കാര്യത്തിലുള്ള അഭിപ്രായം വിശദമാക്കാമോ; | (സി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 140 അടിവരെ ഉയർത്തിയ ശേഷമേ സ്പിൽവേ ഗേറ്റുകൾ തുറക്കുകയുള്ളൂ എന്ന് നിഷ്കർശിച്ചുകൊണ്ട് തമിഴ്നാട് ലഭ്യമാക്കിയ "സ്പിൽവേ ഓപ്പറേറ്റിംഗ് ഷെഡ്യൂൾ" അനുചിതമാണെന്നും (inappropriate) ആയതിനാൽ ജലനിരപ്പ് 136 അടി കഴിയുമ്പോൾതന്നെ ഗേറ്റുകൾ ക്രമേണ ഉയർത്തണമെന്നുമാണ് കേന്ദ്രജലകമ്മീഷനിലെ ഹൈഡ്രോളജി വിഭാഗം മേധാവിയുടെ അഭിപ്രായത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. |
| (ഡി) ജലനിരപ്പ് ഉയർത്തുന്നതിനോടൊപ്പം ചോർച്ച കൂടുന്നതും അത് മുല്ലപ്പെരിയാർ തീരങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറുന്നതും കടുത്ത ആശങ്കക്കിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഇ) ഡാം കേസിൽ സുപ്രീംകോടതിയുടെ പ്രതികൂല വിധിയിലും ഇപ്പോൾ ഉണ്ടായിരിക്കുന്ന അവസ്ഥയിലും ജനങ്ങൾ ആകെ ആശങ്കാകുലരാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ